ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ ശ്രീമതി വൃന്ദാകാരാട്ടിന്റേയും ശ്രീ. പ്രകാശ് കാരാട്ടിന്റേയും വീട്ടിലാണല്ലോ നിങ്ങളുടെ ശ്രീ. മൻമോഹൻ സിങ് പോയി രാവിലെയിരിക്കുന്നത്.

ശ്രീ. കെ. സി. വേണുഗോപാൽ: 8-ാം നൂറ്റാണ്ടിലും 12-ാം നൂറ്റാണ്ടിലു മൊക്കെത്തന്നെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് അംശങ്ങളുണ്ടായിരുന്നു. ഏറ്റവും ചിരപുരാതനമായ ഒരു ക്ഷേത്രമാണ് കേരളത്തിലെ കൂടൽമാണിക്യം ക്ഷേത്രം. 8-ാം നൂറ്റാണ്ടിലെ ചില ശില്പങ്ങൾ ഇപ്പോഴും അവിടെയുണ്ട്. ഞാൻ നേരത്തേ പറഞ്ഞത് ഭരതപ്രതിഷ്ഠയാണ്. നമ്മുടെ നാലമ്പലത്തിന്റെ ഭാഗമായിട്ടുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ്. അപ്പോൾ ഈ ക്ഷേത്രത്തിന്റെ ഭാവി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും മുന്നോട്ടുകൊണ്ടുപോകാനും വരാൻപോകുന്ന കമ്മിറ്റിയുടെ നിയമവുമൊക്കെ അതിന് ഉപകരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഗവൺമെന്റ് ആ കാര്യത്തിൽ നേരത്തേ സൂചിപ്പിച്ചതുപോലെ ഈ ക്ഷേത്രത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കും അതിനുള്ള നടത്തിപ്പിനുമൊക്കെത്തന്നെ വളരെ ശക്തമായ രീതിയിൽ, നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. ഏതായാലും രണ്ടുഭാഗത്തുനിന്നുമുള്ള അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്തതിനുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കൂടൽമാണിക്യം ദേവസ്വംബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഇനി 7 ബില്ലുകൾ ഇന്നത്തേക്ക് നമ്മുടെ അജണ്ടയിലുണ്ട്. രണ്ടുംമൂന്നും regulatory matters മാത്രമായതുകൊണ്ട് അത് ഇന്ന് ഞാൻ പ്രസ് ചെയ്യുന്നില്ല. ബാക്കി 5 ബില്ലുകളും ടാക്സ് ബില്ലാണ്, അത് ഇന്നുതന്നെ പാസ്സാക്കേണ്ടിയിരിക്കുന്നു. അത് വേറൊരു ദിവസത്തേക്ക് നമുക്ക് മാറ്റാനും കഴിയില്ല. അത് ഒന്നിച്ചെടുക്കണമെന്ന് നിർബന്ധമില്ല, ഓരോന്നായി വേണമെങ്കിലും എടുക്കാം. പക്ഷേ ഇതിൽ ചിലതെല്ലാം ഡിസ്ക്കഷൻ ഇല്ലാതെ നമുക്ക് പാസ്സാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

VAT, Sales Tax തുടങ്ങിയത് നമുക്ക് ഡിസ്ക്കസ് ചെയ്യാം.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഇതിൽ ഒരു ചെറിയ പ്രശ്നം മാത്രമേയുള്ളൂ. അതുകൊണ്ട് ചർച്ചയില്ലാതെ ഇത് നമുക്ക് പാസ്സാക്കാവുന്നതാണ്. കാരണം final assessment-ന് ഒരു time fix ചെയ്യുന്നു എന്നുള്ള ഒറ്റ ഇഷ്യൂ മാത്രമേയുള്ളൂ. VAT, Sales Tax ഇവയെല്ലാം നമുക്ക് ഡീറ്റെയിൽഡായി ഡിസ്ക്കസ് ചെയ്യാം. ഈ ബിൽ ഡിസ്ക്ഷനില്ലാതെ തന്നെ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഭേദഗതികൾ ഇല്ല. മിനിസ്റ്റർക്ക് എന്തെങ്കിലും പറയണമെങ്കിൽ പറയാം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ഒന്നും പറയാനില്ല.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri Thomas Unniyadan: Sir, I move the following amendments:

(73) In Section 6(4) of the principal Act proposed to be inserted by clause 2 for the word "Any" the word "All" shall be substituted.

(98) In Sub-section (5) of Section 6 of the principal Act proposed to be inserted by clause 2 for the words "after issuing a notice on the dealer" the words "after issuing a notice on the proprietor" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(115) Sub-section (6) of the principal Act proposed to be inserted by clause 2 shall be recast as follows:

"(6) An assessing authority or an appellate authority or a revisional authority may either suo motu or on application at any time within three years from the date of any order passed by it call for and examine the record and rectify any error crept in such order passed by it which is apparent on the face of the records:

Shri K. Radhakrishnan: Sir, I move the following amendments:

(75) In Section 6(4) of the principal Act proposed to be inserted by clause 2 for the word "four" the word "three" shall be substituted.

(108) In Section 6(6)(a) of the principal Act proposed to be inserted by clause (2) for the word "three" substitute the word "one".

Smt. P. K. Sreemathi Teacher: Sir. I move the following amendments:

(88) In Sub-section (4) of Section 6. of the principal Act proposed to be inserted by clause 2 for the words "within a period of four years from the expiry of the year to which the assessment relates" the words "On or before the end of the succeeding financial year to which the assessment relates" shall be substituted.

(90) In Section 6(5) of the principal Act proposed to be inserted by clause 2 for the words "hotel/house boat" the words "any institution or vessel or vehicle which comes under the purview of the Kerala Tax on Luxuries Act, 1976" shall be substituted.

Shri Joseph M. Puthusseri: Sir, I move the following amendment:

(89) Section 6(4) of the principal Act proposed to be substituted by clause 2 shall be recast as follows "(4) Final assessment under this section shall be completed within a period of four years from the date of expiry of the year to which the assessment relates".

Shri V. K. C. Mammed Koya: Sir. I move the following amendment:

(92) In Section 6(5), of the Principal Act proposed to be amended by clause 2 substitute the word "Ten" years for the word "five" years.

LIBRARY ARCHIVES Kerala Legislative Assembly

Shri P. Jayarajan: Sir, I move the following amendments:

(95) In Section 6(5) of the principal Act proposed to be inserted by clause 2(5) for the word "Five" the word "Seven" shall be substituted.

(112) In the Explanation to Section 6(6)(c) of the principal Act proposed to be inserted by clause 2 for the word 'notice' the word 'Order' shall be substituted.

Shri K. P. Rajendran: Sir, I move the following amendment:

(96) In Section 6(5) of the principal Act proposed to be amended by clause 2 for the word "five" the word "six" shall be substituted.

Shri Kodiyeri Balakrishnan: Sir, I move the following amendment:

(97) In Sub-section (5) of Section 6, of the principal Act proposed to be inserted by clause 2 for the words "issuing a notice on the dealer" substitute the words "issuing a notice to the dealer".

Shri M. Prakashan Master: Sir, I move the following amendments:

(106) In Section 6 (6) (a) of the principal Act proposed to be inserted by clause (2) for the words "at any time within three years" the words "at any time within one year" shall be substituted.

(113) Section 6 (6) (c) of the principal Act proposed to be inserted by clause 2 shall be deleted.

Shri P. J. Joy: Sir, I move the following amendment:

(110) In the proviso to Section 6 (6) (a) of the principal Act proposed to be inserted by clause 2, after the words "person affected" add the words 'thereby'.

Shri Stephen George: Sir, I move the following amendment:

(111) In Section 6 (6) (b) of the principal Act proposed to be inserted by clause 2 delete the word 'any'.

Dr. M. A. Kuttappan: Sir, I move the following amendment:

(114) The Explanation to Section 6(6)(c) of the principal Act proposed to be inserted by Clause 2, shall be recast as follows:

"Explanation: Where a revised notice is issued under Clause (c) the liability to tax or other amount fixed to therein shall arise only from the date specified in the revised notice".

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 97-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന principle ഞാൻ അക്സെപ്റ്റുചെയ്യുന്നു. Issuing a notice on the dealer എന്നുള്ളതിനേക്കാൾ Issuing a notice to the dealer എന്നുള്ളത് ഞാൻ അക്സെപ്റ്റുചെയ്യുന്നു. പക്ഷേ dealer എന്നുള്ളതിനേക്കാൾ ശ്രീ. തോമസ് ഉണ്ണിയാടന്റെ Proprietor എന്ന വാക്ക് ഞാൻ അക്സെപ്റ്റുചെയ്യുന്നു. അതുകൊണ്ട് Issuing a notice to the Proprietor എന്നുള്ള ഒരു oral amendment ഞാൻ അംഗീകരിക്കുന്നു. ശ്രീ. പി. ജെ. ജോയിയുടെ 110-ാം നമ്പർ ഭേദഗതി ഞാൻ അക്സെപ്റ്റുചെയ്യുന്നു. ശ്രീ. സ്റ്റീഫൻ ജോർജ്ജിന്റെ 111-ാം നമ്പർ ഭേദഗതിയും ഞാൻ അക്സെപ്റ്റുചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 97-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടന്റെ 98-ാം നമ്പർ ഭേദഗതിയും ഉൾക്കൊണ്ടുകൊണ്ടുള്ള മന്ത്രിയുടെ oral amendment സഭ അംഗീകരിച്ചു.

ശ്രീ. പി. ജെ. ജോയിയുടെ 110-ാം നമ്പർ ഭേദഗതിയും ശ്രീ. സ്റ്റീഫൻ ജോർജ്ജിന്റെ 111-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 73, 115 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 89-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 92-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 75, 108 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 88, 90 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 95, 112 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

GPM. 2/587/2012.—42

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻമാസ്റ്റർ അവതരിപ്പിച്ച 106, 113 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് (അമെന്റുമെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റുമെന്റ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റുമെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly